പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1855 — 22.03.2012 - ലെ മറുപടിക്ക്

## ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷന്റെ കണ്ടെത്തലുകൾ

### ചോദ്യം

ശ്രീമതി. ഇ. എസ്. ബിജിമോൾ

(എ) പി.എസ്.സി ടെസ്റ്റ് എഴുതി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട് നിയമനം ലഭിച്ച ഉദ്യോഗാർത്ഥികൾ 08.03.2006 - ലെ സർക്കാർ ഉത്തരവ് (പി) 7/06/പി.ആന്റ്.എ.ആർ.ഡി പ്രകാരം പിരിച്ചുവിടൽ ഭീഷണിയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പി.എസ്.സി. മുഖേന സർവ്വീസിൽ പ്രവേശിച്ച ഇവരെ സർക്കാരിന്റെ വിവേചനാധികാരം ഉപയോഗിച്ച് സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) 2006 മുതൽ സർവ്വീസിലുള്ള ഇവർക്ക് സർവ്വീസ് ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

### ഉത്തരം

ശ്രീ. ഉമ്മൻ ചാണ്ടി
(ബഹു. മുഖ്യമന്ത്രി)

(എ) യും (ബി) യും (സി) യും

നരേന്ദ്രൻ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ 1958 - ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസിൽ 08.03.2006 - ലെ സ.ഉ. (പി) നം. 7/06/പി.ആന്റ്.എ.ആർ.ഡി. പ്രകാരം വരുത്തിയ ഭേദഗതി അനുസരിച്ച്, നിയമന ശുപാർശകൾ പുന:ക്രമീകരിച്ചതിനെ തുടർന്ന് ചില ഉദ്യോഗാർത്ഥികൾക്ക് നൽകിയ നിയമന ശുപാർശകൾ ചട്ടം 3 (c) പ്രകാരം കമ്മീഷൻ റദ്ദു ചെയ്തിട്ടുണ്ട്. ഇതിനെതിരെ ഉദ്യോഗാർത്ഥികൾ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള റിട്ട് പെറ്റീഷനുകളിന്മേൽ അന്തിമ വിധി ന്യായം ഉണ്ടാകുന്ന മുറയ്ക്ക് മാത്രമെ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ